(സി) ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ലഭ്യമാക്കാത്ത കാരണത്താലും വിവിധ കോടതികളിൽ നഷ്ടപരിഹാര സംബന്ധമായ കേസുകൾ അന്തിമ തീരുമാനമാകാതെ നിലനില്ക്കുന്നതിനാലും, അനധികൃതമായി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ബോർഡിന്റെ അറിവോ സമ്മതമോ കൂടാതെ പണി ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങൾ എന്നീ കാരണത്താലും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ട വിവിധ രേഖകൾ/പ്രമാണങ്ങൾ എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് ബോർഡിന്റെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, കോടതി വ്യവഹാരങ്ങളിലൂടെ ഈടാക്കാൻ ഇടയുള്ള (പലിശ ഉൾപ്പെടെ) സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന സാഹചര്യം കഴിവതും ഒഴിവാക്കുന്ന രീതിയിൽ അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുന്നതിനു സത്വര നടപടികൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സ്വീകരിച്ചു വരുന്നുണ്ട്. ആശ്രിത നിയമനത്തിനായി അപേക്ഷിച്ച യോഗ്യരായ എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.

മസ്റ്റർ തസ്തികയിലെ പ്രൊമോഷനും റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനവും

30 (2268) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ മസ്റ്റർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; കെ.എസ്.ഇ.ബി.-യിൽ മസ്റ്റർ തസ്തികയിൽ ഓരോ ജില്ലയിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) മസ്റ്റർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകുന്നതിനുള്ള തടസ്സമെന്താണെന്നറിയിക്കുമോ ;

(സി) മസ്റ്റർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള ഒഴിവുകൾ - 529

തിരുവനന്തപുരം	102
കൊല്ലം	5
കോട്ടയം	5 പേർ അധികം ജോലി ചെയ്യുന്നു.
പത്തനംതിട്ട	2
ആലപ്പുഴ	22
എറണാകുളം	16
ഇടുക്കി	26
തൃശ്ശൂർ	110
വയനാട്	76
മലപ്പുറം	38
പാലക്കാട്	54
കോഴിക്കോട്	0
കണ്ണൂർ	8
കാസർഗോഡ്	75

ഏറ്റവും പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ച മസ്ദൂർമാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	77
കൊല്ലം	12
പത്തനംതിട്ട	425
ആലപ്പുഴ	6
കോട്ടയം	57
ഇടുക്കി	4
എറണാകുളം	139
തൃശ്ശൂർ	287
പാലക്കാട്	238
മലപ്പുറം	229
കോഴിക്കോട്	228
വയനാട്	1
കണ്ണൂർ	116
കാസർഗോഡ്	49

(ബി) പ്രൊമോഷൻ നൽകാൻ തടസ്സമില്ല. ലൈൻമാൻ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകിവരുന്നു.

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രൊമോഷൻ യഥാസമയം നൽകിവരുന്നുണ്ട്. ഈ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ മസ്ദൂറായി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുതി വകുപ്പിൽ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ വിഭാഗങ്ങളിലെ ഒഴിവുകളും പ്രൊമോഷനും

31 (2269) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പിൽ താഴ്ന്ന തസ്തികകളായ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ എന്നീ വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തലും പ്രൊമോഷനും കൃത്യമായി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇത്തരം തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് ഉപഭോക്താക്കൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ വൈദ്യുതി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ഉപഭോക്താക്കളെ സംതൃപ്തരാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മസ്ദൂർ തസ്തികയിലെ ഒഴിവുകൾ ജില്ലാ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തിവരികയും ചെയ്യുന്നു. ലൈൻമാൻ തസ്തികയിലെയും ഓവർസിയർ തസ്തികയിലെയും ഒഴിവുകൾ പ്രൊമോഷൻ മുഖാന്തരം നികത്തുന്നു.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly